**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1388** **07-02-2023 - ൽ മറുപടിയ്ക്ക്**

**സ്കോൾ-കേരള മുഖേനയുള്ള കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം നൗഷാദ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്കോൾ-കേരളയിൽ നിലവിൽ ഏതെല്ലാം കോഴ്സുകളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ; | (എ) | **സ്കോൾ-കേരള നിലവിൽ നടത്തി വരുന്ന കോഴ്സുകൾ ചുവടെ ചേർക്കുന്നു.**<br><br>1. ഹയർ സെക്കന്ററി - ഓപ്പൺ റഗുലർ<br>2. ഹയർ സെക്കന്ററി - പ്രൈവറ്റ് രജിസ്ട്രേഷൻ<br>3. സ്പെഷ്യൽ കാറ്റഗറി - ഹയർ സെക്കന്ററി പാർട്ട് 3<br>4. വൊക്കേഷണൽ ഹയർ സെക്കന്ററി - അഡീഷണൽ മാത്തമാറ്റിക്സ്<br>5. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സ് (ഡി.സി.എ) |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കോൾ-കേരള മുഖേന പുതുതായി ആരംഭിച്ച കോഴ്സുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ; പുതുതായി കോഴ്സുകൾ തുടങ്ങാൻ ശിപാർശ ലഭിച്ചിട്ടുണ്ടോ; കോഴ്സുകളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | **ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കോൾ-കേരള മുഖേന പുതുതായി ആരംഭിക്കാൻ ശിപാർശ ലഭിച്ച കോഴ്സുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.**<br><br>**1. ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ – ഹയർ സെക്കന്ററി/തത്തുല്യ കോഴ്സിലെ വിജയം അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചുകൊണ്ട് ഒരു വർഷം ദൈർഘ്യമുള്ളതാണ് ഈ കോഴ്സ്.**<br><br>**2. ഡിപ്ലോമ ഇൻ ഭരതനാട്യം, ഡിപ്ലോമ ഇൻ മോഹിനിയാട്ടം - ഗുരുഗോപിനാഥ് നടന ഗ്രാമത്തിന്റെ** |

| | | | |
|---|---|---|---|
| | | | **സംയുക്ത സഹകരണത്തോടെ ഒരു വർഷം ദൈർഘ്യമുള്ള ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിന് പാഠ്യ പദ്ധതിയും സിലബസിനും അംഗീകാരം നൽകിയി ട്ടുണ്ട്.**<br><br>**3. ഡിപ്ലോമ ഇൻ പാലിയേറ്റീവ് കെയർ കോഴ്സ് (ഡിപ്ലോമ ഇൻ ഡോമിസിലറി നഴ്സിംഗ് കെയർ കോഴ്സ്) എസ്.എസ്.എൽ.സി/തത്തുല്യ കോഴ്സിലെ വിജയം, യോഗ്യതയായി നിശ്ചയിച്ചുകൊണ്ടു 6 മാസം ദൈർഘ്യ മുള്ള കോഴ്സ് ആരംഭിക്കുന്നതിനുള്ള പാഠ്യപദ്ധതിയും സിലബസിനും അംഗീകാരം നൽകിയിട്ടുണ്ട്.**<br><br>**ഡിപ്ലോമ ഇൻ ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് കോഴ്സ്, ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീ-സ്കൂൾ മാനേജ്മെന്റ് എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ശുപാർശ പരിശോധിച്ചുവരുന്നു.** |
| (സി) | ആദിവാസി മേഖലകളിലെയും പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളിലെയും പഠിതാക്കൾക്കായി സ്കോൾ-കേരള മുഖേന പ്രത്യേക പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | **ആദിവാസി മേഖലകളിലെയും പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളിലെയും വിദ്യാർത്ഥികൾക്ക് ഹ്യുമാനിറ്റീസ് കോഡ് നം.(11) കോമ്പിനേ ഷനിലെ ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി എന്നീ വിഷയങ്ങളുടെ മലയാളത്തിൽ പരിഭാഷപ്പെടുത്തിയ ഒന്നും രണ്ടും വർഷത്തെ സ്വയം പഠന സഹായികൾ സൗജന്യമായി വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ